# തിരുപ്പുകഴിന് ഒരു മുഖവുര

## ഡോ. ഡി. ബാബുപോൾ

സംഗീതം സഹൃദയഹൃദയാഹ്ളാദജനകമായ ഒരു സൗകുമാര്യമാണ് എന്ന കാര്യത്തിൽ അരസികന്മാർക്കല്ലാതെ അഭിപ്രായഭേദം ഉണ്ടാകാനിടയില്ല. സംഗീതത്തിന് അമ്പതിനായിരം സംവത്സരങ്ങളിലേറെ പഴക്കം ഉണ്ട് എന്നാണ് അഭിജ്ഞമതം. മാനവകുലത്തിൻറെ ഈറ്റില്ലമായി വാഴ്ത്തപ്പെടുന്ന ആഫ്രിക്കയിൽ തന്നെ ആണ് സംഗീതവും പിറവിയെടുത്തത് എന്നും അറിവുള്ളവർ ഊഹിക്കുന്നു. ചരിത്രാതീത സംഗീതം എന്നോ ചരിത്രപൂർവയുഗത്തിലെ സംഗീതം എന്നോ പറയുമ്പോൾ പൊതുവർഷം അഞ്ഞൂറിന് ശേഷം ഉരുത്തിരിഞ്ഞ പ്രാചീനവും അപ്രീചനവുമായ ആയ സംഗീതസരണികളെ അപേക്ഷിച്ച് പ്രാകൃതമായ ഒരു കലാരൂപത്തെയാണ് പരാമർശിക്കുന്നത് എന്ന് ചിലർ പറഞ്ഞിട്ടുണ്ട്. ആ വിവാദം നമ്മെ ആകർഷിക്കേണ്ടതില്ല.

ഏതാണ്ട് നാലായിരത്തോളം സംവത്സരങ്ങൾക്കപ്പുറം ഉഗാരിത്തിൽ കൂനിഫോം ലിപികളിൽ എഴുതപ്പെട്ട ഒരു ഗീതമാണ് ലോകത്തിലെ ആദ്യസംഗീതരചന എന്ന് അത് തിരിച്ചറിഞ്ഞ് ലോകശ്രദ്ധയിൽ കൊണ്ടുവന്ന ആൻ കിൽമെർ അവകാശപ്പെട്ടിട്ടുണ്ട്. ബൈബിളിലെ ഉല്പത്തി-പ്പുസ്തകത്തിൽ സംഗീതത്തിൻറെ പിതാവായി യുബാലിനെ ചൂണ്ടിക്കാണിക്കുന്നു. ഈ യുബാൽ ആദിമനുഷ്യനായ ആദാം തൊട്ട് ഏഴാം തലമുറ എന്നാണ് പറയുന്നത്. ഉല്പത്തിയിലെ ആദ്യാദ്ധ്യായങ്ങൾ ആധികാരിക ചരിത്രമായി ആധുനിക പണ്ഡിതർ മിക്കവരും അംഗീകരിക്കുന്നില്ല. ആദ്യത്തെ പതിനൊന്ന് അധ്യായങ്ങൾ ചരിത്രാതീതകാലത്തെ പരിചയപ്പെടുത്തുന്നവയാണ്. ഹേതുപദാർത്ഥതത്വശാസ്ത്രം അഥവാ ഈറ്റിയോളജി (aetiology) ആണ് ഉല്പത്തിയിൽ കാണേണ്ടത്. എന്തുകൊണ്ട് മനുഷ്യൻ ചിരജീവിയല്ല, എന്തുകൊണ്ട് വിയർക്കാതെ അപ്പം തിന്നാനാവുന്നില്ല, എന്തുകൊണ്ട് പ്രസവവേദന, എന്തുകൊണ്ട് വിവിധഭാഷകൾ എന്നൊക്കെയാണ് ആ കൃതി പറയാൻ ശ്രമിക്കുന്നത്, അവിടെ ചരിത്രവും ശാസ്ത്രവും അന്വേഷിച്ചിട്ട് കാര്യമില്ല.

അതിരിക്കട്ടെ. ആ കൃതിയിൽ അബ്രഹാമിനും നൊഹിനും ഒക്കെ ഏറെ മുൻപ് സംഗീതത്തിന് ഒരു കുലപതിയെ സൃഷ്ടിച്ചിരിക്കുന്നു എന്നതാണ് ഇവിടെ നമുക്ക് ശ്രദ്ധിക്കാനുള്ളത്.

ഭാരതിത്തിലേയ്ക്ക് വരുമ്പോൾ ഹൈന്ദവസംസ്കൃതിയിൽ തന്നെ ഉണ്ട് സംഗീതത്തിന് തെളിവ്. ഹാരപ്പിയിലും മോഹൻജദാരൊയിലും നിന്ന് സംഗീതോപഹരണങ്ങൾ കണ്ടെത്തി സർ മോർട്ടിമർ വീലർ. ഋഗ്വേദത്തിൽ തന്നെ വർത്തമാനകാല ഭാരതീയ സംഗീതത്തിൻറെ പ്രാഗ്രൂപസൂചനകൾ ഉണ്ട് എന്നാണ് പണ്ഡിതമതം. സാമവേദം, സംഗീരസാന്ദ്രമുണ് എന്നതിലാകട്ടെ തർക്കം ഒട്ടും ഇല്ല താനും.

ഭാരതീയ സംഗീതത്തിലെ സരണിദ്വയത്തിൻറെ പാരസ്പര്യം സൂക്ഷ്മദൃക്കുകൾക്ക് തിരിച്ചറിയാം. ഹിന്ദുസ്ഥാനി സംഗീതത്തിൽ പേർഷ്യൻ - മുഗൾ സ്വാധീനനകൾ ഉണ്ടായതിനാലാണ് അത് കർണ്ണാടക സംഗീതത്തിൽ നിന്ന് തീർത്തും വ്യതിരിക്തമായി കാണപ്പെടുന്നത് എന്ന് സാമാന്യമായി പറയാമെന്ന് തോന്നുന്നു. ഏതായാലും സംഗീതം അടിസ്ഥാനപരമായി സാർവ്വലൗകികവും സാർവ്വജനീനവും ആണ്. ദാക്ഷിണാത്യവും ഔത്തരാഹവും ആയ ഭാരതീയ സംഗീതം മാത്രമല്ല, ഭാരതീയവും, പാശ്ചാത്യവും പൗരസ്ത്യവും വിദൂരപൗരസ്ത്യവും എല്ലാം ആത്യന്തികമായി യൂബാലിൻറെ സന്തതികളുടെ വിഹാരരംഗം തന്നെ. പല കാലങ്ങളിൽ, പല നാടുകളിൽ, പഴയ സ്രോതസ്സിൽ നിന്ന് പുതിയ കൈവഴികൾ രൂപപ്പെടുന്നു. എന്നും ഇന്നും അങ്ങനെ രൂപപ്പെട്ടുകൊണ്ട് ഇരിക്കുന്നു എന്നും തിരിച്ചറിയുമെങ്കിൽ ഇപ്പറഞ്ഞത് സുഗ്രാഹ്യമാകും.

അങ്ങനെ പത്തഞ്ഞൂറ്കൊല്ലം മുൻപ് രൂപപ്പെട്ട ഒരു നവ്യസരണിയാണ് തിരുപ്പുകഴ്. സംജ്ഞ സൂചിപ്പിക്കുന്നത് പോലെ വിശുദ്ധസ്തുതിയാണ് തിരുപ്പുകഴ്. അരുണഗിരിനാഥർ നിർമ്മിച്ച മുരുകസ്തുതികളാണ് ഈ സംഗീതത്തിൻറെ ആൽഫയും ഒമേഗയും.

അരുണഗിരിനാഥർ റോമൻ കത്തോലിക്ക സഭയിലെ വിശുദ്ധനായ അഗസ്റ്റിനെ പോലെ തോന്നിയവാസം നടന്നിട്ട്

യൂടേൺ അടിച്ച വ്യക്തിയാണ്. അഗസ്റ്റിൻ അപഭ്രംശങ്ങളിൽ നിന്ന് മുക്തി നേടിയപ്പോൾ വേദപാരംഗതനായി. അരുണഗിരിനാഥർ മുരുക-സ്തുതിയുടെ ആചാര്യനുമായി.

തിരുപ്പുകഴ് കുറെ പാട്ടുകൾ കൂട്ടിത്തുന്നിയതല്ല. അത് ഒരു ആരാധനാസമ്പ്രദായവും, ഒരു ജീവിത ശൈലിയും, ഒരു ദർശനവും, ഒരു സംസ്കൃതിയും, സർവോപരി മുക്തിമാർഗ്ഗവും ആകുന്നു. രമണമഹർഷിയുടെ ആസ്ഥാനമായിരുന്ന തിരുവണ്ണാമലയിലാണ് അരുണഗിരി-നാഥർക്ക് മുരുകൻെറ ദർശനം ഉണ്ടായത്. രമണമഹർഷിയായി നാം കണ്ടത് ശ്രീ മുരുകസാന്നിദ്ധ്യം തന്നെ ആയിരുന്നു എന്ന പ്രസ്താവന ഇവിടെ ചേർത്ത് വായിക്കേണ്ടതാണ്.

അരുണഗിരികവനങ്ങൾ സാഹിത്യ മൂല്യവും ആധ്യാത്മിക മൂല്യവും ഏകാഗ്രതയും സംയോജിക്കുന്ന ഇടമാണ് എന്ന് പറയാറുണ്ട്. കാവ്യഭംഗി ഭാഷ അറിയുന്ന നാസ്തികനും തിരിച്ചറിയാം. ആധ്യാത്മികഭാവം അരുണഗിരിയുടെ വാക്കുകളിൽ ഇങ്ങനെ വായിക്കുന്നു നാം : "ഈ സിദ്ധി, ഈ വൈഭവം, ഈ ജ്ഞാനം, ഈ ഭക്തി ഇതൊന്നും എൻേറതല്ല. ഇതെല്ലാം മുരുകൻെറ ദാനങ്ങൾ. മുരുകാ, ഭഗവാനേ, അങ്ങാണ് എന്നെ പാടുവാൻ പ്രാപ്തനാക്കുന്നത്." ചുരുക്കിപ്പറഞ്ഞാൽ ഈ പ്രാർത്ഥനകൾ ഒരു ജീവിത പന്ഥാവിനെയാണ് കാണിച്ചു തരുന്നത്.

തിരുപ്പുകഴ് എന്നതിന് ഈശ്വരസ്തോത്രം എന്നേ അർത്ഥം ഉള്ളു. അങ്ങനെ ഒരുപാടു രചനകൾ തമിഴിൽ തന്നെ ഉണ്ട്. എന്നാൽ അരുണഗിരിനാഥരുടെ രചനയ്ക്ക് മാത്രമാണ് ആ പേരു വീണത്. അതും ഒരു മുരുകകൃപ എന്നാണ് മുരുകഭക്തർ പറയുക.

രാമായണാദി പ്രാചീനകൃതികളെ പോലെ തിരുപ്പുകഴും വായ്മൊഴിയായി മാത്രം ആണ് വ്യാപകമായി പ്രചരിച്ചുവന്നത്. തണികൈമണി സുബ്രഹ്മണ്യപിള്ള, പുത്രൻ ശെങ്കൽവരായ-പിള്ള, ശേഷാദ്രിസ്വാമികൾ ശിഷ്യൻ സച്ചിദാനന്ദസ്വാമികൾ, ടി. എം. കൃഷ്ണസ്വാമി അയ്യർ, കൃപാനന്ദവാരിയർ, ഗുരുജി എ.

എസ്. രാഘവൻ തുടങ്ങിയ പേരുകളാണ് തിരുപ്പുകഴ് ജനസമ്മതമാക്കുവാൻ വഴി വച്ചവരുടെ പട്ടികയിൽ കാണുക. ഇപ്പോൾ ഒരു പേരു കൂടി എഴുതിച്ചേർക്കപ്പെടുകയാണ്. ഡോക്ടർ ബാലു ആയ്യർ.

ബാലു വിശ്വപ്രശസ്തനായ ഒരു ജിയോടെക്നിക്കൽ എഞ്ചിനിയറാണ്. ഇന്തോനേഷ്യ മുതൽ അർജൻറീന വരെ ബാലുവിൻറെ കൈയ്യൊപ്പ് പതിഞ്ഞ അണക്കെട്ടുകളും ബൃഹദ്നിർമ്മിതികളും ഉണ്ട്. എങ്കിലും സജീവകർമ്മങ്ങളിൽ നിന്ന് വിരമിച്ച ശേഷം കരമനയിൽ താമസിക്കുന്ന ഈ കനേഡിയൻ പൗരൻ തൻറെ ജീവിതം മുരുകസ്തുതിക്കും തിരുപ്പുഴിൻറെ പ്രചാരണത്തിനും ആയി നിവേദിച്ചിരിക്കയാണ്. വിപുലമായ ഒരു ശിഷ്യസമൂഹത്താൽ ധന്യനായ ഗുരു ആയി ഈ ഗതകാലസതീർത്ഥ്യൻ വിരാജിക്കുന്നത് കാണുമ്പോൾ 'അനർഘരാഘവ'ത്തിലെ സ്ഥാനേഷു ശിഷ്യനിവഹൈർ-വിനിയുജ്യമാനാ വിദ്യാഗുരുംഹി ഗുണവത്തരമാതനോതി - വേണ്ട സ്ഥാനങ്ങളിൽ ശിഷ്യസമൂഹത്താൽ വിനിയോഗിക്കപ്പെട്ട വിദ്യ ഗുരുവിനെ കൂടുതൽ ഗുണവാനാക്കി തീർക്കുന്നു - എന്ന വരി ഓർമ്മവരുന്നു. ഈ കൃതിയിലൂടെ ബാലുവിൻറെ ശിഷ്യസമ്പത്ത് വർദ്ധിക്കുകയാണ്. തിരുപ്പുകഴ് രചനകളിലെ അതി-പ്രധാപമായ മുപ്പത്തിമൂന്ന് ആശയങ്ങളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഇത് ഭക്തജനോപകാരപ്രദമാകും എന്നതിൽ സംശയം ലേശവും വേണ്ടതില്ല. ബാലുവിൻറെ മറ്റൊരു കൃതി - കുറെക്കൂടെ വിപുലമായത് - കേരളസംഗീത നാടക അക്കാടമി വൈകാതെ പുറത്തിറക്കും. അതോടെ വർഷങ്ങളായി തുടരുന്ന ഒരു സപര്യയ്ക്ക് ഔദ്യോഗികമായ പ്രതിഷ്ഠ സംലബ്ദമാവുകയും ചെയ്യും.

ബാലുവും ഞാനും ആദ്യം കണ്ടുമുട്ടിയത് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിലാണ്. അവിടെ ഞങ്ങൾക്ക് ഗുരുക്കന്മാരായിരുന്ന മഹത്തുക്കളുടെ സ്മരണയെ നമസ്ക്കരിച്ചുകൊണ്ട് ഈ കൃതി സന്തോഷത്തോടെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ചീരത്തോട്ടം<br>
പിൻ 695003<br>
2015 ജൂൺ 6

ഒപ്പ്<br>
ഡി. ബാബുപോൾ